I/5823389/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/550/2017-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 02-08-2023

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിങ് സെന്റർ, കോഴിക്കോട് - പരിശീലന കോഴ്സുകൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. 30.04.2009ലെ 485/ഡിഎ1/2009-തസ്വഭവ നമ്പർ സർക്കുലർ
2. സ.ഉ.(സാധാ)നം.2691/2017/തസ്വഭവ, തീയതി 03.08.2017
3. സ.ഉ.(സാധാ)നം.2746/2017/തസ്വഭവ, തീയതി 07.08.2017
4. 04.11.2017ലെ ഡിഎ1/550/2017-തസ്വഭവ നമ്പർ സർക്കുലർ

**********************

സൈന്യത്തിൽ ചേരുന്നതിനും സെക്യൂരിറ്റി ഗാർഡ് ആയി ജോലി ലഭിക്കുന്നതിനും പരിശീലനം നൽകുന്ന സ്ഥാപനമായി കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിങ് സെന്ററിനെ (PRTC )സൂചന (2), (3) ഉത്തരവുകൾ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപങ്ങൾ പി.ആർ.ടി.സി. മുഖേന നടപ്പാക്കുന്ന പരിശീലന പരിപാടികളുടെ പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സൂചന (1), (4) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ് നിലവിൽ പ്രാബല്യത്തിലുള്ളത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ ഗുണഭോക്താക്കളെ ഗ്രാമസഭകൾ മുഖേന തെരഞ്ഞെടുക്കണമെന്നതാണ് വ്യവസ്ഥ എങ്കിലും പി.ആർ.ടി.സി. മുഖേന നടപ്പാക്കുന്ന പരിശീലന പരിപാടികളുടെ പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നത് അപ്രകാരമല്ല. ഇത് സംബന്ധിച്ച് ചുവടെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രൈനിംഗ് സെന്റർ മുഖേനയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിശീലന പരിപാടികളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, മാർഗ്ഗരേഖ പ്രകാരം നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഇതിനായി പ്രൊജക്റ്റ് ഏറ്റെടുക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടത്തേണ്ടതാണ്. ഗുണഭോക്താക്കളെ തദ്ദേശ സ്വയംഭരണ സ്ഥാപനം കണ്ടെത്തി ശുപാർശ ചെയ്യേണ്ടതാണ് . ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ, അത് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിനെ പി.ആർ.റ്റി.സി. അറിയിക്കേണ്ടതാണ്. ഗുണഭോക്താക്കളെ പി.ആർ.ടി.സി. നേരിട്ട് തെരഞ്ഞെടുക്കാൻ പാടുള്ളതല്ല. ഈ നിർദ്ദേശത്തിന് ഉടൻ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ലീന എൻ പി

I/5823389/2023

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എക്സിക്യൂട്ടീവ് ഡയറക്ടർ, പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിങ് സെന്റർ, സിവിൽ സ്റ്റേഷൻ പി.ഒ., കോഴിക്കോട്
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 02-08-2023 16:51:29
സെക്ഷൻ ഓഫീസർ.